# പതിനാലാം കേരളനിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1223 05.03.2020 ൽ മറുപടിക്ക്

### വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് അപ് ഗ്രഡേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിൽ അമ്പതു ശതമാനം അപ് ഗ്രേഡ് ചെയ്ത് വില്ലേജാഫീസുകളിൽ ഫ്രണ്ട് ആഫീസ് സംവിധാനം ഏർപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റൻറുമാരുടെ 50% തസ്തികകൾ അപ് ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കി വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്ന വിഷയം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് അപ് ഗ്രഡേഷൻ സംബന്ധിച്ച് റവന്യൂ വകുപ്പ് മറ്റ് ഏതൊക്കെ വകുപ്പുകൾക്ക് ഫയൽ സർക്കുലേറ്റ് ചെയ്തിരുന്നു; | (ബി) വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് അപ് ഗ്രഡേഷൻ സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായത്തിനായി ഫയൽ അയച്ചിരുന്നു. |
| (സി) ഇക്കാര്യത്തിൽ ഓരോ വകുപ്പും സ്വീകരിച്ച നടപടിക്രമങ്ങളും അഭിപ്രായങ്ങളും പ്രത്യേകം വിശദമാക്കാമോ? | (സി) ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായം ചുവടെ ചേർക്കുന്നു. |

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്**

1. വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ 50 ശതമാനം തസ്തികകൾ അപ് ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റാക്കി മാറ്റുന്നതിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയ ശേഷം വില്ലേജ് അസിസ്റ്റന്റ് തസ്തികയുടെ നിയമന രീതി വ്യക്തമാക്കുന്ന സ്പെഷ്യൽ റൂൾസ് / എക്സിക്യൂട്ടീവ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഭരണ വകുപ്പിന് ഈ വിഷയത്തിൽ തീരുമാനമെടുക്കാവുന്നതാണ് എന്നറിയിക്കുന്നു.

2. വിശേഷാൽ ചട്ടം പ്രകാരം നിലവിലുണ്ടായിരുന്ന തസ്തികമാറ്റ നിയമന അനുപാതത്തിൽ കുറവ് വന്നതിനെത്തുടർന്ന്

റവന്യൂ , നീതിന്യായം പോലുള്ള വകുപ്പുകളിൽ നിന്നും നിരവധി പരാതികളും വ്യവഹാരങ്ങളും ഈ വകുപ്പിൽ ലഭിക്കുണ്ടായി . ടി വിഷയത്തിൽ വളരെ വിശദമായ പരിശോധന നടത്തിയതിനു ശേഷമാണ് ഈ വകുപ്പ് 24/08/2019-ൽ സ.ഉ. ( പി )06/2019/ഉ.ഭ.പ.വ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിൽ 03/01/2014-നു മുൻപുണ്ടായിരുന്ന തസ്തികമാറ്റ നിയമനം പുനഃ സ്ഥാപിച്ചിട്ടുണ്ട്. പുതിയ സാഹചര്യത്തിൽ റവന്യൂ വകുപ്പിന്റെ ആവശ്യം നിലനിൽക്കുന്നതാണോയെന്നു ടി വകുപ്പ് പരിശോധിക്കേണ്ടതാണ്.

## ധനകാര്യ വകുപ്പ്

വില്ലേജ് ഓഫീസുകളുടെ ഫീൽഡ് ലെവൽ പ്രവർത്തനത്തിനുവേണ്ടിയാണ് വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിച്ചിട്ടുള്ളത്. വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തിക വില്ലേജ് ഓഫീസുകളിൽ മാത്രമേ നിലവിലുള്ളൂ. എന്നാൽ എൽ.ഡി ക്ലർക്ക് തസ്തിക റവന്യൂ വകുപ്പിന്റെ വില്ലേജ് ഓഫിസ് മുതൽ ലാന്റ് റവന്യൂ കമ്മീഷണറേറ്റ് വരെയുള്ള ഓഫീസുകളിൽ നിലവിലുള്ള തസ്തികയാണ്. വില്ലേജ് ഓഫീസുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയ്ക്ക് നിറവേറ്റപ്പെടേണ്ട നിർവചിക്കപ്പെട്ടിട്ടുള്ള ചുമതലകൾ ഉണ്ട്. മുൻപ് 'വില്ലേജ് മാൻ' ആയിരുന്ന തസ്തിക പിന്നീട് വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് എന്ന് പുനർനാമകരണം ചെയ്ത് തസ്തികയുടെ യോഗ്യത ഉയർത്തി എന്നതുകൊണ്ട് VFA തസ്തികകൾ ഇപ്പോൾ വില്ലേജ് ഓഫീസുകളിൽ അത്യന്താപേക്ഷിതമല്ല അതുകൊണ്ട് ആയത് upgrade ചെയ്ത് ക് ളറിക്കൽ തസ്തികയാക്കി മാറ്റണം എന്ന റവന്യൂ വകുപ്പിന്റെ അഭിപ്രായത്തോട് ധനവകുപ്പ് യോജിക്കുന്നില്ല. റവന്യൂ വകുപ്പിനെ സംബന്ധിച്ച് ഫീൽഡ് ലെവലിൽ ഉത്തരവാദിത്തം വഹിക്കേണ്ട, ഒരു വില്ലേജിൽ നിലവിലുള്ള രണ്ടു VFA തസ്തികകളിൽ ഒന്നിനെ ക് ളറിക്കൽ തസ്തികയാക്കി മാറ്റണം എന്ന ആവശ്യം അംഗീകരിക്കുന്നത് ഇപ്പോൾ ടി തസ്തികയിൽ ഉള്ളവർ നിർവഹിക്കുന്ന ജോലി ഭാവിയിൽ നിർവഹിക്കുന്നതിനുവേണ്ടി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന്

കാരണമാകും. മാത്രമല്ല ഭരണ വകുപ്പ് ശുപാർശ അംഗീകരിക്കുന്നത് ഉടൻതന്നെ രണ്ടായിരത്തോളം തസ്തികകൾ അപ് ഗ്രേഡ് ചെയ്യുന്നതുവഴി ലക്ഷകണക്കിനു രൂപയുടെ സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാക്കും. VFA തസ്തികയിൽ നിലവിലുള്ള മുഴുവൻ ജീവനക്കാരും പഴയ യോഗ്യത പ്രകാരമുള്ള പി.എസ്.സി യുടെ നിയമന പ്രക്രിയ വഴി നിയമിക്കപ്പെട്ടവരാണ്. ഒരു തസ്തികയുടെ യോഗ്യത അനുസരിച്ചുള്ള നിയമനരീതിയിൽ സർക്കാർ സർവ്വീസിൽ നിയമിക്കപ്പെട്ടശേഷം ഉയർന്ന യോഗ്യതയുണ്ട് എന്നതിനാൽ തസ്തിക അതനുസരിച്ച് അപ് ഗ്രേഡ് ചെയ്യണം എന്ന വാദം യുക്തിസഹമല്ല. ഇത്തരത്തിൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർ താഴ്ന്ന തസ്തികകളിൽ നിയമിക്കപ്പെടുന്നത് സർക്കാർ സർവ്വീസിന്റെ സ്വാഭാവികതയാണ്. ഓരോ ജോലിക്കും സർക്കാർ സ്പഷ്ടമായ ചുമതലകളും ഉത്തരവാദിത്തങ്ങളും നിശ്ചയിച്ചിട്ടുണ്ട് എന്നതിനാൽ വിദ്യാഭ്യാസ യോഗ്യത ഉയർത്തി എന്നതുകൊണ്ട് ഒരു തസ്തികയെ ഉയർന്ന തസ്തികയാക്കി ഉയർത്തണം എന്ന ആവശ്യം അംഗീകരിക്കാൻ കഴിയില്ലെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

**സെക്ഷൻ ഓഫീസർ**